‘ഭരണ ഭാഷ – മാതൃഭാഷ’

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

<u>സംഗ്രഹം</u>

ധനകാര്യ വകുപ്പ് – ബജറ്റ് വിഹിതം 2022-23 – പ്രാദേശിക സർക്കാരുകൾക്കുള്ള സംരക്ഷണ ഫണ്ട് – അധിക തുക അനുവദിച്ചത് കാരണം സംരക്ഷണ ഫണ്ട് മരവിപ്പിച്ച പ്രാദേശിക സർക്കാരുകൾക്ക് ചെലവഴിക്കാൻ അനുമതി നൽകി ഉത്തരവാകുന്നു.

---

**ധനകാര്യ (എസ്.എഫ്.സി. സെൽ – എ) വകുപ്പ്**

സ.ഉ.(സാധാ) നം. 1697/2023/ധന.    തീയതി, തിരുവനന്തപുരം, 08 മാർച്ച്, 2023

---

പരാമർശം. 1) സ.ഉ.(സാധാ)നം. 2862/2022/ധന തീയതി 08/04/2022.
2) സ.ഉ.(അ)നം.99/2022/ധന തീയതി 27/08/2022.
3) സ.ഉ.(സാധാ)നം. 6267/2022/ധന തീയതി 05/09/2022.
4) സ.ഉ.(സാധാ)നം. 8253/2022/ധന തീയതി 05/12/2022.
5) സ.ഉ.(സാധാ)നം.1560/2023/ധന തീയതി 03/03/2023.

<u>**ഉത്തരവ്**</u>

പ്രാദേശിക സർക്കാരുകൾക്കുള്ള ഒന്നാം ഗഡു സംരക്ഷണ ഫണ്ട് പരാമർശം (1) പ്രകാരം അനുവദിക്കുകയുണ്ടായി. പ്രാദേശിക സർക്കാരുകൾക്കുള്ള 2022-23 സാമ്പത്തിക വർഷത്തെ റോഡ്-റോഡിതര സംരക്ഷണ ഫണ്ട് പരാമർശം (2) ലെ ഉത്തരവ് പ്രകാരം പുനർ വിതരണം നടത്തുകയുണ്ടായി. ഒന്നാം ഗഡുവായി അനുവദിച്ച തുക പരിഷ്കരിച്ച റോഡ്-റോഡിതര സംരക്ഷണ ഫണ്ടിനേക്കാൾ കൂടുതലായിട്ടുള്ള പ്രാദേശിക സർക്കാരുകളുടെ ചെലവ് വിവരം ശേഖരിക്കുകയും പരിഷ്കരിച്ച സംരക്ഷണ ഫണ്ട് വിഹിതത്തേക്കാൾ കൂടുതൽ ചെലവഴിച്ച മുനിസിപ്പാലിറ്റികളുടെ കാര്യത്തിൽ റോഡ് സംരക്ഷണ ഫണ്ടിൽ നിന്നും അധികം ചെലവഴിച്ച തുക രണ്ടാം ഗഡു റോഡിതര സംരക്ഷണ ഫണ്ടിൽ നിന്നും ഈടാക്കി മുനിസിപ്പാലിറ്റിയുടെ റോഡ് സംരക്ഷണ ഫണ്ടിന്റെ കണക്ക് ശീർഷകത്തിലേക്ക് പരാമർശം (3) പ്രകാരം ഒടുക്കുകയുണ്ടായി.

2) പ്രാദേശിക സർക്കാരുകൾക്കുള്ള 3-ാം ഗഡു സംരക്ഷണ ഫണ്ട് പരാമർശം (4) പ്രകാരം അനുവദിച്ചതിൽ ചില ശീർഷകങ്ങളിൽ മതിയായ തുകയില്ലാത്തതിനാൽ സാംഖ്യ സോഫ്റ്റ്‌വെയറിലേയ്ക്ക് ടി പ്രാദേശിക സർക്കാരുകൾക്കുള്ള തുക അപ്‌ലോഡ് ചെയ്യാൻ കഴിഞ്ഞിട്ടില്ല. ടി സാഹചര്യത്തിൽ പുതുക്കിയ ബജറ്റ് വിഹിതത്തേക്കാൾ ഒന്നാം ഗഡു സംരക്ഷണ ഫണ്ട് അധികമായി അനുവദിച്ച പ്രാദേശിക സർക്കാരുകളുടെ റോഡ്-റോഡിതര സംരക്ഷണ ഫണ്ട് താത്ക്കാലികമായി മരവിപ്പിക്കുകയും മരവിപ്പിച്ച തീയതി വച്ച് ടി പ്രാദേശിക സർക്കാരുകളുടെ ചെലവ് നിരീക്ഷിക്കുകയും സർക്കാർ ചെയ്തിട്ടുണ്ട്. പുതുക്കിയ ബജറ്റ് വിഹിതത്തേക്കാൾ ഒന്നാം ഗഡു തുക അധികമായി അനുവദിച്ചിട്ടുണ്ടായിരുന്ന പ്രാദേശിക സർക്കാരുകളിൽ നിന്നും അധിക തുക സറണ്ടർ ചെയ്തിട്ടുണ്ട്. ഹരിപ്പാട് മുനിസിപ്പാലിറ്റി

മാത്രമാണ് പുനർവിതരണം ചെയ്ത തുകയേക്കാൾ (റോഡിതര സംരക്ഷണ ഫണ്ട്) അധികം ചെലവഴിച്ചതായി കണ്ടെത്തിയിട്ടുള്ളത്.

3) സർക്കാർ മേൽ വസ്തുതകൾ വിശദമായി പരിശോധിക്കുകയും താഴെ പറയും പ്രകാരം ഉത്തരവാകുകയും ചെയ്യുന്നു:

a) പരാമർശം (1) പ്രകാരം അനുവദിച്ച തുക പരാമർശം (2) പ്രകാരം പുതുക്കിയ ബജറ്റ് വിഹിതത്തേക്കാൾ കൂടുതലായതിനാൽ അധിക തുക അനുവദിച്ചതു കാരണം റോഡ് - റോഡിതര സംരക്ഷണ ഫണ്ട് മരവിപ്പിച്ച പ്രാദേശിക സർക്കാരുകൾക്ക് അവരുടെ സംരക്ഷണ ഫണ്ട് പരാമർശം (2) പ്രകാരം പരിഷ്കരിച്ച തുകയിൽ നിജപ്പെടുത്തി ചെലവഴിക്കുന്നതിന് സോഫ്റ്റ്‌വെയറിൽ വേണ്ട ക്രമീകരണം ഇൻഫർമേഷൻ കേരള മിഷൻ (IKM) വരുത്തേണ്ടതാണ്.

b) റോഡ് സംരക്ഷണ ഫണ്ടിൽ പുതുക്കിയ ബജറ്റ് വിഹിതത്തേക്കാൾ അധികമായി ചെലവഴിച്ചിട്ടുണ്ട് എന്ന് കണ്ടെത്തിയ വടക്കാഞ്ചേരി (M080700), ഷൊർണ്ണൂർ (M090200), പരപ്പനങ്ങാടി (M101000), രാമനാട്ടുകര (M110500), ശ്രീകണ്ഠപുരം (M131000) എന്നീ 5 മുനിസിപ്പാലിറ്റികളുടെ കാര്യത്തിൽ റോഡ് സംരക്ഷണ ഫണ്ടിൽ ടി മുനിസിപ്പാലിറ്റികൾ അധികമായി ചെലവഴിച്ചിട്ടില്ലായെന്ന് കണ്ടെത്തിയിട്ടുണ്ട്. ഡാറ്റ പിശക് കാരണം ടി മുനിസിപ്പാലിറ്റികളിൽ നിന്നും പരാമർശം (3) പ്രകാരം ഈടാക്കി റോഡ് സംരക്ഷണ ഫണ്ടിന്റെ ശീർഷകത്തിൽ ഒടുക്കിയ തുകയായ 66,16,471/- രൂപ (അറുപത്തി ആറ് ലക്ഷത്തി പതിനാറായിരത്തി നാന്നൂറ്റി എഴുപത്തി ഒന്ന് രൂപ മാത്രം) പരാമർശം (5)-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ താഴെ പറയും പ്രകാരം തിരികെ അനുവദിച്ച് ഉത്തരവാകുന്നു:

| ക്രമ നം. | പ്രാ,സ, കോഡ് | മുനിസിപ്പാലിറ്റികളുടെ പേര് | റോഡിതര സംരക്ഷണ ഫണ്ടിൽ തിരികെ അനുവദിക്കുന്ന തുക (തുക രൂപയിൽ) |
|---|---|---|---|
| 1 | M080700 | വടക്കാഞ്ചേരി | 153344 |
| 2 | M090200 | ഷൊർണ്ണൂർ | 4242573 |
| 3 | M101000 | പരപ്പനങ്ങാടി | 1769700 |
| 4 | M110500 | രാമനാട്ടുകര | 95700 |
| 5 | M131000 | ശ്രീകണ്ഠപുരം | 355154 |
| **ആകെ** | | | **6616471** |

c) ഹരിപ്പാട് നഗരസഭയ്ക്ക് പുതുക്കിയ റോഡിതര സംരക്ഷണ ഫണ്ടിനേക്കാൾ 3,64,122/- രൂപ (മൂന്ന് ലക്ഷത്തി അറുപത്തിനാലായിരത്തി നൂറ്റി ഇരുപത്തി രണ്ട് രൂപ മാത്രം) അധികം ചെലവഴിച്ചിട്ടുള്ളതിനാൽ അടുത്ത സാമ്പത്തിക വർഷം (2023-24) ഹരിപ്പാട് നഗരസഭയ്ക്ക് അനുവദിക്കുന്ന ആദ്യ ഗഡു റോഡിതര സംരക്ഷണ ഫണ്ടിൽ നിന്നും ടി തുക തിരികെ ഈടാക്കുന്നതും, നടപ്പ് സാമ്പത്തിക വർഷം ചെലവഴിച്ച തുക പരാമർശം

(5)-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അധിക ധനാനുമതിയായി അനുവദിക്കുകയും ചെയ്യുന്നു.

4) പരാമർശം (3), (4) എന്നീ ഉത്തരവുകൾ ഇത്തരത്തിൽ ഭേദഗതി ചെയ്തുകൊള്ളുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**പ്രതീപ് കുമാർ.ബി**
**ധനകാര്യ ജോയിന്റ് സെക്രട്ടറി**

സ്വീകർത്താക്കൾ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് – II/ എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്– III), കേരള, തിരുവനന്തപുരം
അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
പ്രിൻസിപ്പൽ ഡയറക്ടർ, ത.സ്വ.ഭ. വകുപ്പ്
എല്ലാ ഗ്രാമ പഞ്ചായത്തുകൾക്കും, ബ്ലോക്ക് പഞ്ചായത്തുകൾക്കും ജില്ലാ പഞ്ചായത്തുകൾക്കും
എല്ലാ മുനിസിപ്പാലിറ്റികൾക്കും മുനിസിപ്പൽ കോർപ്പറേഷനുകൾക്കും
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
നഗരകാര്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം
തദ്ദേശ സ്വയം ഭരണ(എഫ്.എം/ഡി.ബി) വകുപ്പ്
നോഡൽ ഓഫീസർ., ധനകാര്യ വകുപ്പ്( (www.finance.kerala.gov.in)
ഡി.ഡി.ഒ, ധനകാര്യ (അക്കൗണ്ട്സ്) വകുപ്പ്
ധനകാര്യ ( ബി.ഡബ്ല്യൂ-ജെ/ ഡെവലപ്. വിംഗ്/ എസ്.എസ്) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ് (ഇ-2262998)

പുറപ്പെടുവിക്കാൻ അംഗീകരിച്ചത്

സെക്ഷൻ ഓഫീസർ